# ‘വിശ്വാസവും കാത്തിരിപ്പും’

## ഇയ്യോബ് 13:15

‘‘അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും. ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും’’

ഇയ്യോബിന്റെ ജീവിതകഥ നാം പരിശോധിക്കുകയാണെങ്കിൽ അവൻ ദൈവസന്നിധിയിൽ നേരുള്ളവനും നിഷ്കളങ്കനും ദോഷം വിട്ടകലുന്നവനുമാണെന്ന് മനസ്സിലാക്കുവാൻ കഴിയുന്നു. എന്നിട്ടും അവനെ പരീക്ഷിക്കേണ്ടതിന് സാത്താൻ ദൈവത്തോട് അനുവാദം ചോദിക്കുന്നതായി കാണുന്നു. അവനുള്ള സകല സമ്പത്തും അപഹരിക്കുന്നതായി കാണുന്നു. എന്നിട്ടും അവൻ തന്റെ ഭക്തി മുറുകെ പിടിച്ചിരിക്കുന്നു എന്ന് കണ്ടിട്ട് സാത്താൻ ഇയ്യോബിന്റെ ശരീരത്തിൽ ബാധകൾ വരുത്തുവാൻ ഇടയാക്കി. അപ്പോഴും അവൻ തന്റെ ദൈവത്തിന് വിരോധമായി കുറ്റം പറയുകയോ ദൈവത്തെ ത്യജിച്ചു കളയുകയോ ചെയ്യുന്നതായി കാണുന്നില്ല. സ്വന്തം ഭാര്യ പോലും ദൈവത്തെ തള്ളിക്കളയുവാൻ പറയുമ്പോൾ ഇയ്യോബ് അത് വിലക്കുന്നതായി കാണാം. സകലവും തന്ന ദൈവം അത് തിരിച്ചെടുക്കുവാനും അധികാരമുള്ളവനാണെന്ന് ഉറച്ചുകൊണ്ട് വീണ്ടും ആ ദൈവസന്നിധിയിൽ തന്നെ ഇയ്യോബ് കാത്തിരിക്കുകയാണ്.

ഏതൊരു വിശ്വാസിയുടെയും ജീവിതത്തിൽ ഒരു കാത്തിരിപ്പിന്റെ കാലമുണ്ടാകും. പഴയ നിയമവിശുദ്ധരെല്ലാം ഒരു രക്ഷകൻ അഥവാ മശിഹയെ പ്രത്യാശയോടെ കാത്തിരുന്നു. ആ കാത്തിരിപ്പിന്റെ അവസാനമായി നമ്മുടെ കർത്താവായ യേശുക്രിസ്തു അവതരിച്ചു. എന്നാൽ ഇന്ന് ഈ കൃപായുഗത്തിൽ ഏതൊരു വിശ്വാസിയുടെയും പരമ പ്രധാനമായ കാത്തിരിപ്പ് അവിടുത്തെ രണ്ടാം വരവിനു വേണ്ടിയാണല്ലോ. അങ്ങനെ യുഗായുഗം അവനോടുകൂടെ വാഴുവാൻ നാം ക്ഷമയോടെ കാത്തിരിക്കുന്നു. അപ്പോൾത്തന്നെ ഈ ലോകജീവിതത്തിൽ ദൈവമക്കളാകുന്ന നമുക്കും പലവിധ ഭാരങ്ങളും പ്രയാസങ്ങളും ഒക്കെയുണ്ട്. ഇയ്യോബിനെപ്പോലെ നമ്മുടെയും ജീവിതത്തെ ചില പരീക്ഷകൾക്കു വേണ്ടി ദൈവം ഏല്പിച്ചു കൊടുത്തേക്കാം. അവിടെയും പതറാതെ വിശ്വസ്തരായി ദൈവസന്നിധിയിൽ തന്നെ ഉറച്ചു നിൽക്കുവാൻ നമുക്കു കഴിയണം. ‘ഒരു മുടിനാരിഴ പോലും കർത്താവറിയാതെ കൊഴിഞ്ഞുപോകുന്നില്ല’ എന്നാണല്ലോ അവിടുത്തെ വചനം നമ്മെ പഠിപ്പിക്കുന്നത്.

ഒരു പക്ഷേ നമ്മൾ ചില ഭൗതികമോ ആത്മികമോ ആയ വിഷയങ്ങൾക്കു വേണ്ടി അനേക വർഷങ്ങളായി പ്രാർത്ഥിക്കുന്നുണ്ടായിരിക്കാം. നമ്മുടെ പൂർവ്വ പിതാവായ അബ്രഹാം ദൈവത്തിന്റെ വാഗ്ദത്തത്തിനായി അനേക വർഷങ്ങൾ ക്ഷമയോടെ കാത്തിരുന്നത് നമുക്കറിയാമല്ലോ. ഏതൊരു കാത്തിരിപ്പിനും ഒരവസാനം തീർച്ചയായുമുണ്ട്. ഒരു യഥാർത്ഥ വിശ്വാസിക്കു മാത്രമേ ക്ഷമയോടെ കാത്തിരിക്കുവാൻ കഴിയുകയുള്ളു. ഒരു ഭക്തന്റെ ജീവിതത്തിലെ കാത്തിരിപ്പിന് ദൈവം വലിയ വില കൊടുക്കുന്നുവെന്ന് ഇയ്യോബിന്റെ ജീവിതത്തിലൂടെ നമുക്ക് മനസ്സിലാക്കാം. ഇയ്യോബിന്റെ ജീവിതത്തിൽ പിശാച് കവർന്നെടുത്തതെല്ലാം മുൻകാലത്തേക്കാൾ അധികമായി ദൈവം അവന് മടക്കി കൊടുക്കുന്നതായി കാണുവാൻ കഴിയുന്നു.

ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്ന ഒന്നുള്ളത്, പിശാചിന് അല്പകാലം മാത്രമേ നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ ദൈവം അനുമതി കൊടുക്കുന്നുള്ളു. അതുകൊണ്ട് എന്തെല്ലാം നമ്മുടെ ജീവിതത്തിൽ ഇന്ന് നഷ്ടമായിട്ടുണ്ടോ അതെല്ലാം മടക്കി തരുവാൻ ദൈവം വിശ്വസ്തനാണ്. നാം അതിനായി കാത്തിരുന്നാൽ മാത്രം മതി.

ഹബക്കൂക് 2:3 ''ദർശനത്തിന് ഒരവധി വെച്ചിരിക്കുന്നു' എല്ലാ കാത്തിരിപ്പിനും ദൈവമാണ് അവധി വെച്ചിരിക്കുന്നത്. നമ്മുടെ ഓരോരുത്തരുടെയും വിശ്വാസത്തിന്റെ ആഴം ദൈവത്തിന് നല്ലവണ്ണം അറിയാം. സഹിപ്പാൻ കഴിയാത്ത പരീക്ഷ അവിടുന്ന് നൽകുകയില്ല. 'പരീക്ഷയോടു കൂടെ പോക്കുവഴിയും' അവിടുന്ന് കരുതിയിട്ടുണ്ട്. ഇവിടെ ഇയ്യോബിന്റെ ജീവിതത്തിൽ ഇനി തനിക്ക് നഷ്ടമാകുവാൻ സ്വന്തം പ്രാണൻ മാത്രമേ ഉള്ളു. ഈ അവസ്ഥയിലും ഇയ്യോബ് പറയുകയാണ് 'അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും'.

ഇവിടെ നമുക്ക് ചിന്തിക്കാവുന്ന ഒരു കാര്യമുണ്ട്. നമ്മുടെ ജീവിതത്തിലും ഇന്ന് നാം സ്വന്തമെന്ന് പറഞ്ഞ് മുറുകെപ്പിടിച്ചിരിക്കുന്നതെല്ലാം ഒരു സമയത്തേക്ക് നഷ്ടമായി പോയാലും ഈ ദൈവത്തെ ഒരു നാളും ത്യജിച്ചു കളയുകയോ തള്ളിപ്പറയുകയോ ഇല്ല എന്നുള്ള ഉറപ്പ് വാസ്തവമായി നമ്മുടെ ഹൃദയത്തിൽ ഉണ്ടോ? നമ്മോടുതന്നെ ഒന്നു ചോദിച്ചു നോക്കാം. ആ വിശ്വാസത്തിനു വേണ്ടി നാം നിലകൊള്ളുമ്പോൾ ഒരുപക്ഷേ ലോകത്തിനും ലോകക്കാർക്കും അത് ഭോഷത്തമായി തോന്നിയേക്കാം. അവിടെയും വാക്കുമാറാത്ത ദൈവത്തിൽ നാം പൂർണ്ണമായി വിശ്വസിച്ച് അവനായി കാത്തിരിക്കണം. അങ്ങനെയെങ്കിൽ നമ്മുടെ ജീവിതത്തിന്റെ ഏതു ശൂന്യമായ മേഖലകളെയും പണിതുയർത്തുവാൻ ദൈവം ശക്തനാണ്. അതിനായി ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 40:1

“ഞാൻ യഹോവക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്ക് ചാഞ്ഞ് എന്റെ നിലവിളി കേട്ടു.”

അശ്വതി ബിനു ഏറ്റുമാനൂർ 010